**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർഥികളെ കബളിപ്പിക്കുന്ന വ്യാജ വിദ്യാഭ്യാസ ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വാഗ്ദാനം ചെയ്ത് ചില വ്യാജ വിദ്യാഭ്യാസ ഏജൻസികൾ പട്ടികവർഗ്ഗ ഊരുകളിൽ തട്ടിപ്പുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത്തരം വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് പോലുള്ള പ്രവേശന പരീക്ഷകൾ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. |
| (സി) | പ്ലസ് ടു വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനം, തൊഴിൽ സാധ്യതകൾ എന്നിവ സംബന്ധിച്ച് കൗൺസിലിങ് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | പ്ലസ് ടു വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരി പഠനം, തൊഴിൽ സാധ്യതകൾ എന്നിവ സംബന്ധിച്ച് വകുപ്പിന്റെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേന ബോധവത്കരണം നടക്കുന്നുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ഗൈഡൻസ് സെൽ വഴിയും ഉപരിപഠനത്തിനുള്ള അവബോധം നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വ്യാജ വിദ്യാഭ്യാസ ഏജൻസികളുടെ പ്രലോഭനങ്ങളിൽപെട്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കാനാവശ്യമായ പ്രചരണങ്ങൾ മാധ്യമങ്ങളിലൂടെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വ്യാജ വിദ്യാഭ്യാസ ഏജൻസികളെ സംബന്ധിച്ച വിവരങ്ങൾ ഇടുക്കി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കുന്നതിന് മാധ്യമങ്ങൾ വഴി പ്രചരണങ്ങൾ നടത്തുവാൻ ജില്ലാ ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ